# ഹജ്ജിലെ കർമങ്ങൾ

## റുക്നുകൾ

1. ഇഹ്റാം
2. ത്വവാഫുൽ ഇഫാദ (വിടവാങ്ങൽ ത്വവാഫ്)
3. സഫാമർവകൾക്കിടയിൽ ഓട്ടം
4. അറഫയിൽ നിൽക്കൽ

## നിർബന്ധം ആർക്കെല്ലാം?

1. മുസ്ലിം 2. പ്രായപൂർത്തിയായവർ
3. വിശേഷബുദ്ധിയുള്ളവർ 4. സ്വതന്ത്രർ
5. കഴിവും ശേഷിയും ഉള്ളവർ
6. സ്ത്രീകൾ- കൂടെ ഭർത്താവോ രക്തബന്ധുക്കളോ ഉണ്ടെങ്കിൽ

## ഹജ്ജിൻെറ ഇനങ്ങൾ

**1. തമത്തുഅ്**

ഉംറ ഉദ്ദേശിച്ച് ഇഹ്റാം ചെയ്യുക. അതിൽ നിന്ന് വിരമിച്ചാൽ ഹജ്ജിന് വീണ്ടും ഇഹ്റാം ചെയ്യുക. (ഹദ്യ നിർബന്ധം.)

لبيك عمرة متمتعاً بها إلى الحج എന്ന് ചൊല്ലുക

**2. ഖിറാൻ:**

ഉംറയും ഹജ്ജും ഉദ്ദേശിച്ച് ഇഹ്റാം ചെയ്യുക. (ഹദ്യ നിർബന്ധം.) لبيك عمرة وحجاً എന്ന് ചൊല്ലുക

**3. ഇഫ്റാദ്:**

ഹജ്ജ് ഉദ്ദേശിച്ച് ഇഹ്റാം ചെയ്യുക. (ഹദ്യ നിർബന്ധമില്ല.) لبيك حجاً എന്ന് ചൊല്ലുക

## കർമങ്ങൾ:

1. നിശ്ചിത മീഖാത്തുകളിൽ വെച്ച് (തമത്തുഇനോ, ഖിറാനിനോ ഇഫ്റാദിനോ) ഇഹ്റാം ചെയ്യുക. തൽബിയത്ത് ചൊല്ലുക
2. തമത്തുഇന് ഇഹ്റാം ചെയ്തവർ ത്വവാഫും സഅ്യും ചെയ്ത് ഉംറയിൽ നിന്ന് തഹല്ലുലാവുക
3. ദുൽഹജ്ജ് 8. ഇഹ്റാം കെട്ടുക. മിനയിലേക്ക് പോവുക. ളുഹ്ർ, അസ്വ്ർ, മഗ്രിബ്, ഇശാ ഫജ്ർ എന്നിവ നാല് റക്അത്തുകളുള്ളവ അവിടെ അ വെച്ച് ചുരുക്കി നമസ്കരിക്കുക. പ്രാർഥനയും ദിക്റുമായി അവിടെ തങ്ങുക.
4. ദുൽഹജ്ജ് 9. സൂര്യോദയത്തിന് ശേഷം അറഫയിലേക്ക് പോവുക. ളുഹ്ർ, അസ്വ്ർ എന്നിവ ജംഉം ഖസ്റുമാക്കി നമസ്കരിക്കുക. പ്രാർഥനയും ദിക്റുമായി സൂര്യാസ്തമയം വരെ അവിടെ തങ്ങുക.
5. സൂര്യാസ്തമയം ശേഷം മുസ്ദലിഫയിലേക്ക് പോവുക. അവിടെ വെച്ച് മഗ്രിബ്, ഇശാ എന്നിവ ജംആയി നമസ്കരിക്കുക അവിടെ രാപ്പാർക്കുക
6. ദുൽഹജ്ജ് 10. ഫജ്ർ നമസ്കാര ശേഷം ഉദയത്തിനു മുമ്പ് തക്ബീർ ചൊല്ലി ചെറിയ ഏഴ് കല്ലുകളുമായി മിനയിലേക്ക് പോവുക.
7. ദുൽഹജ്ജ് 10. തക്ബീ ചൊല്ലി ജംറതുൽ അഖബയിൽ കല്ലെറിയുക. ബലി നിർബന്ധമുള്ളവർ ബലിയറുക്കുക. മുടി കളയുക.
8. മക്കയിൽ വന്ന് ത്വവാഫുൽ ഇഫാദ ചെയ്ത് തഹ്ലീൽ ആവുക. രണ്ട് റക്അത്ത് നമസ്കരിക്കുക
9. ദുൽഹജ്ജ് 10. ത്വവാഫുൽ ഇഫാദക്ക് ശേഷം സഫാ-മർവകൾക്കിടയിൽ സഅ്യ് ചെയ്യുക.
10. ദുൽഹജ്ജ് 10, 11 രാത്രി. മിനയിൽ താമസിക്കുക. (അയ്യാമുത്തശ്രീഖ്)
11. ദുൽഹജ്ജ് 11. ജംറകളിൽ കല്ലെറിയുക
12. ദുൽഹജ്ജ് 12. ജംറകളിൽ കല്ലെറിയുക
13. ദുൽഹജ്ജ് 13. ജംറകളിൽ കല്ലെറിയുക (ഉത്തമം)
14. ദുൽഹജ്ജ് 12 (പിന്തിയവർ 13ന്) ത്വവാഫുൽ വിദാഅ് ചെയ്ത് മക്ക വിടുക.

**നിർബന്ധ കർമങ്ങൾ:** 1. മീഖാത്തിൽവെച്ച് ഇഹ്റാം. 2. സൂര്യാസ്തമയം വരെ അറഫയിൽ തങ്ങുക. 3. പുലരുവോളം മുസ്ദലിഫയിൽ രാപ്പാർക്കുക 4. ജംറകളിൽ കല്ലെറിയുക. 5. മുടി മുറിക്കുകയോ കളയുകയോ ചെയ്യുക. 6. അയ്യാമുത്തശ്രീഖിൽ മിനയിൽ രാപ്പാർക്കുക. 7. വിട വാങ്ങൽ ത്വവാഫ്.

**ഐഛിക കർമങ്ങൾ:** 1. ഇഹ്റാമിനു വേണ്ടി കുളിക്കൽ 2. തൽബിയത്ത് ഉച്ചത്തിലാവുക. 3. മിനയിൽ രാപ്പാർക്കുക 4. ത്വവാഫിൽ ശക്തിയോടെ നടക്കുക. 5. ത്വവാഫു ഖുദൂമിലെ ആദ്യത്തെ മൂന്നെണ്ണം ഊർജസ്വലതയോടെയാവുക. 6. ഹജറുൽ അസ്വദ് ചുംബിക്കുകയോ ആംഗ്യം കാണിക്കുകയോ ചെയ്യുക

**നിഷിദ്ധ കാര്യങ്ങൾ:** 1. പുരുഷന്മാർ തുന്നിയ വസ്ത്രം ധരിക്കുക. 2. മുടിയെടുക്കുക, നഖം മുറിക്കുക. 3. പുരുഷന്മാർ തല മറയ്ക്കുക. 4. സുഗന്ധം പൂശുക 5. നിക്കാഹ് ചെയ്യുക. 6.സ്ത്രീ സംസർഗം. 7.വേട്ടയാടൽ